**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2200** **30-07-2021 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ പുഴ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ നിന്നും 2020 ജനുവരി മുതൽ നാളിതുവരെ ലഭിച്ച പുഴ സംരക്ഷണ ഭിത്തിയുമായി ബന്ധപ്പെട്ട നിവേദനങ്ങൾ എത്ര; ഇതിൽ എത്ര എണ്ണം പരിശോധിച്ചു; അറിയിക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിൽ നിന്നും 2020 ജനുവരി മുതൽ നാളിതുവരെ പുഴ സംരക്ഷണ ഭിത്തിയുമായി ബന്ധപ്പെട്ട് 6 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച നിവേദനങ്ങളെല്ലാം തന്നെ പരിശോധിച്ചിട്ടുണ്ട്. |
| (ബി) | ഇറിഗേഷൻ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എത്ര; ഇതിൽ എത്ര എണ്ണത്തിന് ഭരണാനുമതി ലഭിച്ചു; വ്യക്തമാക്കുമോ; | (ബി) | ഇവയിൽ 5 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 4 എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഏതെല്ലാം പ്രവൃത്തികൾക്കാണ് ചീഫ് എഞ്ചിനിയർ ഇറിഗേഷൻ ഭരണാനുമതി നൽകിയത്; ഭരണാനുമതിയ്ക്കായി ചീഫ് എഞ്ചിനീയർ ഓഫീസിലുള്ള എസ്റ്റിമേറ്റുകൾ ഏതെല്ലാം; അറിയിക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തികൾക്കെല്ലാം എക്സിക്യൂട്ടീവ് എഞ്ചിനീയർ/ സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിലാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിലവിൽ ഇതു സംബന്ധിച്ച എസ്റ്റിമേറ്റുകൾ ഒന്നും തന്നെ ശേഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|
| 1 | SDRF - കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ കൊടങ്ങഴിക്കൽ ജുമാ മസ്ജിദിനുസമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം | 35.00 | ഭരണാനുമതി സൂപ്രണ്ടിംഗ് എഞ്ചിനീയർ നൽകി പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | SDRF - മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം പഞ്ചായത്തിൽ കൊട്ടുമുടി വിഷ്ണു ക്ഷേത്രത്തിനുസമീപം തിരുവേഗപ്പുറ ബ്രിഡ്ജിനു താഴ്ഭാഗത്ത് തൂതപ്പുഴയുടെ വലതുകര സംരക്ഷണം | 35.00 | ഭരണാനുമതി സൂപ്രണ്ടിംഗ് എഞ്ചിനീയർ നൽകി പ്രവൃത്തി സ്ഥലം കൈമാറി |
| 3 | SDRF -ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വാർഡ് 7 പുറമന്നൂർ തൂതപ്പുഴയുടെ വലതുകര സംരക്ഷണം | 20.00 | ഭരണാനുമതി എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകി സ്ഥലം കൈമാറി |
| 4 | SDRF -മലപ്പുറം ജില്ലയിൽ പൊന്മള ഗ്രാമപഞ്ചായത്തിൽ പൊന്മള തേപ്പറമ്പ് വടക്കേക്കുണ്ട് ഭാഗത്ത് കടലുണ്ടിപ്പുഴയിൽ ഇടതുകര സംരക്ഷണം | 24.60 | ഭരണാനുമതി സൂപ്രണ്ടിംഗ് എഞ്ചിനീയർ നൽകി പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | SDRF - കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ പേരശ്ശന്നൂർ പിഷാരക്കൽ ദുർഗ്ഗ അമ്പലത്തിന്റെ സമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം. | 40.00 | ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**